

# ജീവിതപ്രശ്നങ്ങൾക്കൊരു പരിഹാരം

പ്രിയ സുഹൃത്തുക്കളെ,

പരമാത്മാവുമായുള്ള ലയനമാണ് യോഗയുടെ മുഖ്യ ഉദ്ദേശ്യം, ഈ ലക്ഷ്യവുമായി പൂർണ്ണമായും സമന്വയിക്കുക എന്നതാണ് നമ്മുടെ വെല്ലുവിളി.

ഒരു മുൻനിര മാനേജ്മെന്റ് വിദഗ്ധനായ നമ്മുടെ പ്രിയസോദരൻ ഡോ. ഇഷാക്ക് അഡിസസ്, നമ്മുടെ ലക്ഷ്യവുമായുള്ള സമന്വയത്തിന് സഹായകമാവുന്ന ലളിതമായ ഒരു അനുപാതം (ratio)കണ്ടെത്തിയിട്ടുണ്ട്. സ്ഥാപനങ്ങൾക്കായാണ് അദ്ദേഹം അത് നൽകിയിരിക്കുന്നത് എങ്കിലും, ആത്മീയപാതയിൽ വിജയകരമായ ഒരു പരിസമാപ്തി തേടുന്ന അഭ്യാസികളായ നമുക്കും അത് ഒരുപോലെ ഉപയുക്തമായിരിക്കും.

അനുപാതം ഇങ്ങനെയാണ്:

$$f\left\{\frac{\text{ബാഹ്യമായ “ഏകീകരണം”}}{\text{ആന്തരീക “ശിഥിലീകരണം”}}\right\}$$

മേൽ സൂചിക, ഒരു സ്ഥാപനത്തിന്റെ ആന്തരീക ശിഥലീകരണമാണ് സൂചിപ്പിക്കുന്നത്, അതിന്റെ ഘർഷണാവും പൊരുത്തക്കേടും. അംശകമാവട്ടെ, ഒരു സ്ഥാപനത്തിന്റെ യഥാർത്ഥ ലക്ഷ്യവുമായി സംയോജിക്കുന്നതിൽ അതിന്റെ വിജയത്തെയും കാണിക്കുന്നു. ആന്തരീക ശിഥലീകരണത്തിന്റെ അളവിന് പ്രതിലോമപരമായ അനുപാതത്തിലായിരിക്കും വിജയം.

ലളിതമായ ഒരു ഉദാഹരണം : ഒരു വാഹനത്തിന്റെ എൻജിൻ 100 bhp ഊർജ്ജം ചക്രങ്ങളിലേക്ക് വിതരണം ചെയ്യുന്നു, എന്നാൽ എത്രത്തോളം ഊർജ്ജം യഥാർത്ഥത്തിൽ ചക്രങ്ങളിലേക്കെത്തുന്നുണ്ട്? മുഴുവനായുമില്ല. അവയിൽ കുറേയേറെ ഘർഷണത്തിലും പ്രേഷണത്തിലും വരുന്ന നഷ്ടങ്ങളാൽ ഉപയോഗമില്ലാതാവുന്നു. നഷ്ടം കഴിഞ്ഞുള്ള ഊർജ്ജം മാത്രമേ ചക്രങ്ങളിലേക്കെത്തുന്നുള്ളു. അറ്റകുറ്റപണികൾ നടത്തി, നന്നായി പരിപാലിക്കുന്ന വാഹനത്തിന് ഊർജ്ജനഷ്ടം കുറവായിരിക്കും. കൂടുതൽ ഊർജ്ജം ചക്രങ്ങളിലേക്കെത്തുന്നത് വാഹനത്തിന്റെ ഉപയോഗം നല്ല നിലയിലാക്കും.

ഒരു സ്ഥാപനത്തിന്റെ നിയന്ത്രിതമായ ഊർജ്ജം മുൻകൂട്ടിയറിയാവുന്നതാണ്. അതിന്റെതന്നെ ആന്തരീക ശിഥലീകരണമാണ് ആ ഊർജ്ജം ആദ്യം ഉപയോഗിക്കുന്നത് – ആന്തരീകമായുള്ള ഘർഷണവും പ്രാപ്തിക്കുറവും. ആന്തരീകമായുള്ള ആവശ്യങ്ങൾക്കായി ഊർജ്ജം മാറ്റിവെയ്ക്കുമ്പോൾ, സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ കുറഞ്ഞ അളവിൽ മാത്രമേ ഊർജ്ജം ലഭ്യമാവു.

ആത്മീയാന്വേഷികളെന്ന നിലയിൽ നമുക്കും ഇത് ബാധകമാണ്. നമ്മുടെ ആന്തരീക സങ്കീർണ്ണതകളിൽ അഥവാ ശിഥലീകരണത്തിൽ നാം ഇടപെടുന്തോറും

സഹജമാർഗ പദ്ധതിയിൽ, ഹൃദയമണ്ഡലം (പിണ്ഡപ്രദേശം), മനോമണ്ഡലം, കേന്ദ്രമണ്ഡലം എന്നീ, നിലനിൽപ്പിന്റെ മൂന്ന് ആരോഹണ തലങ്ങളിലുള്ള പതിമൂന്ന് ചക്രങ്ങളിലൂടെ കടന്നുപോകുന്ന, ആത്മീയ യാത്ര – ഒരു ആന്തരീക യാത്ര – നാം നടത്തുന്നു. ഈ മണ്ഡലങ്ങളിലൂടെ നാം പരിണമിക്കുമ്പോൾ വർദ്ധിതമായ ഏകീകരണം നമുക്ക് അനുഭവമാകും. അതേസമയം നാം അധോഗമിക്കുകയെങ്കിൽ, ഫലം വർദ്ധിതമായ ശിഥലീകരണമായിരിക്കും.

നമ്മുടെ യഥാർത്ഥ ലക്ഷ്യവുമായുള്ള ഏകീകരണം കുറവാകും. ഈ പ്രശ്നത്തിന് സഹജമാർഗം ഒരു പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. സഹജമാർഗ പദ്ധതിയിൽ, ഹൃദയമണ്ഡലം (പിണ്ഡപ്രദേശം), മനോമണ്ഡലം, കേന്ദ്രമണ്ഡലം എന്നീ, നിലനിൽപ്പിന്റെ മൂന്ന് ആരോഹണ തലങ്ങളിലുള്ള പതിമൂന്ന് ചക്രങ്ങളിലൂടെ കടന്നുപോകുന്ന, ആത്മീയ യാത്ര – ഒരു ആന്തരീക യാത്ര – നാം നടത്തുന്നു. ഈ മണ്ഡലങ്ങളിലൂടെ നാം പരിണമിക്കുമ്പോൾ വർദ്ധിതമായ ഏകീകരണം നമുക്ക് അനുഭവമാകും. അതേസമയം നാം അധോഗമിക്കുകയെങ്കിൽ, ഫലം വർദ്ധിതമായ ശിഥലീകരണമായിരിക്കും.

## ഹൃദയമണ്ഡലത്തിലെ 5 ‘C ‘കളും 5 ‘D ‘ കളും

നെഞ്ചിലും കണ്ഠത്തിലുമായി അഞ്ചു ചക്രങ്ങൾ അടങ്ങിയതാണ് ഹൃദയമണ്ഡലം.

അഞ്ചുചക്രങ്ങളിലോരോന്നും പ്രകൃതിയുടെ അടിസ്ഥാനപരമായ അഞ്ചു ആധാരങ്ങളായ, പഞ്ചഭൂതങ്ങളിൽ ഓരോന്നിന്റെ സുപ്രധാനമായ സാന്നിധ്യത്താൽ അനുരൂപമായതാണ്.





ചക്രം 1
ഭൂമി

ചക്രം 2
ആകാശം

ചക്രം 3
അഗ്നി

ചക്രം 4
ജലം

ചക്രം 5
വായു

ഗുണാത്മകമായവയെല്ലാം 'C' യിൽ തുടങ്ങുന്നതായും, നിഷേധാത്മകമായതെല്ലാം 'D' യിൽ തുടങ്ങുന്നതായും നിങ്ങൾക്ക് കാണാനാവും. അഞ്ചു 'C' കളും അഞ്ചു 'D' കളും എന്ന് അവയെ നമുക്ക് വിളിക്കാം. ഇവ പലപ്പോഴും ചാഞ്ചാട്ടത്തിന്റെ



അവസ്ഥയിലാണെന്ന് കാണാം; ഗുണാത്മകതയിൽനിന്ന് നിഷേധാത്മകതയിലേക്കും, തിരിച്ചും, അവ ആവർത്തിച്ച് ചാഞ്ചാടുന്നത് അനുഭവപ്പെടും. അങ്ങിനെ,അസന്തുലിതാവസ്ഥയുടെയുംശിഥലീകരണത്തിന്റെയും ഒരവസ്ഥയിലാവുന്നു നാം.

നമ്മുടെ അവസ്ഥ പലപ്പോഴും C യുടെയും D യുടെയും സമ്മിശ്രമായിരിക്കും. ഒരു തലത്തിൽ സംതൃപ്തിയുണ്ടെങ്കിലും മറ്റൊരു ഭാഗത്ത് നാം മനസ്സമാധാനമില്ലായ്മ അനുഭവിക്കുന്നു. വാസ്തവത്തിൽ, നമ്മുടെ ആന്തരിക നില സങ്കീർണ്ണതകളാൽ പ്രബലമായിരിക്കുകയായിരിക്കും.

ചക്രങ്ങളുടെ പ്രവർത്തനം നിശ്ചയിക്കുന്നത് എന്താണ്? മറ്റൊന്നും ഇടപെടുന്നില്ലാ എങ്കിൽ ചക്രങ്ങൾക്ക് സ്വാഭാവികമായും യോജിച്ചുനിൽക്കാനാണ് താത്പര്യം; ശിഥലീകരണത്തിനു മാത്രമാണ് അനേക ഘടകങ്ങളുള്ളത്. സംസ്കാരങ്ങളുടെ സാന്നിധ്യമാണ് അതിൽ പ്രധാനമായ ഘടകം.

നമ്മുടെ അഗാധ ബോധതലത്തിൽ തങ്ങിനിൽക്കുന്ന മുൻകാല അനുഭവങ്ങളുടെ മുദ്രണങ്ങളാണ് സംസ്കാരങ്ങൾ. മുൻകാല സംഭവത്താലുണ്ടായ ഓർമ്മകളോടൊപ്പം അതുമായി ബന്ധപ്പെട്ട വികാരങ്ങളും മുദ്രണങ്ങളിൽ അടങ്ങിയിട്ടുണ്ട്. സംസ്കാരമായി നമ്മിൽ മുദ്രണം ചെയ്യപ്പെട്ട ഒരു മുൻകാല അനുഭവവുമായി ഇപ്പോൾ എന്തെങ്കിലും സദൃശമായി തോന്നുന്നുവെങ്കിൽ, ആ സംസ്കാരം ആദ്യമായി മുദ്രണം ചെയ്യപ്പെട്ടപ്പോൾ സന്നിഹിതമായിരുന്ന വികാരത്തെ അത് പുറത്തുവിടുകയാണിപ്പോൾ. ബോധാതീത തലത്തിലാണ് ഇത് സംഭവിക്കുന്നത്; ബോധപൂർവ്വം നാം ആ മുൻകാല അനുഭവം ഓർമ്മിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും. ഇപ്പോഴുള്ള സാഹചര്യങ്ങളിലേക്ക് നാം മുൻകാല വികാരങ്ങളെ അടിച്ചേൽപ്പിക്കുകയും, നമ്മുടെ ചിന്തകളെ മുൻകാല വികാരങ്ങൾ സ്വാധീനിക്കുകയും, ഈ നിമിഷത്തെ തെറ്റായി വ്യാഖ്യാനിക്കാൻ കാരണമാവുകയും ചെയ്യുന്നു. അടിസ്ഥാനപരമായി, മുൻകാലങ്ങളിൽ നാം ഇഷ്ടപ്പെടുകയോ ഇഷ്ടപ്പെടാതിരിക്കുകയോ ചെയ്തിട്ടുള്ള കാര്യങ്ങളെ

മുൻകാലങ്ങളിൽ നാം ഇഷ്ടപ്പെടുകയോ
ഇഷ്ടപ്പെടാതിരിക്കുകയോ ചെയ്തിട്ടുള്ള കാര്യങ്ങളെ
അടിസ്ഥാനമാക്കി ഇപ്പോഴത്തെ സംഭവവികാസങ്ങളെ
വിലയിരുത്താനും ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമാക്കാനും
പ്രേരിപ്പിക്കുന്നു.

അടിസ്ഥാനമാക്കി ഇപ്പോഴത്തെ സംഭവവികാസങ്ങളെ വിലയിരുത്താനും ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമാക്കാനും പ്രേരിപ്പിക്കുന്നു.

കൂട്ടുതലായി, സംസ്കാരങ്ങൾ താമസികം, രാജസികം, സാത്വികം എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. പ്രകൃതിയുടെ മൂന്ന് ഗുണങ്ങളാണ് തം, രജസ്സ്, സത് എന്നിവ. എന്താണ് ഗുണങ്ങൾ? അചേതനമായ പ്രകൃതി, ബോധത്തെ ചില പ്രത്യേക കമ്പന തലങ്ങളിൽ അയയ്ക്കുകയും അതിന്റെ പ്രകടനം നിർണ്ണയിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ പ്രാഥമിക ആവർത്തികൾ തം, രജസ്സ്, സത് എന്നിവയാണ്. ഈ മൂന്ന് കമ്പനതലങ്ങളും ബോധത്തിന്റെ ഭാവത്തെ ഭേദഗതിയ്ക്ക് വിധേയമാക്കുന്നു, അങ്ങിനെ അവ താമസികം, രാജസികം, സാത്വികം ആയി മാറുന്നു. ബോധതലത്തിൽ ഗുണങ്ങളുടെ പ്രഭാവത്തെക്കുറിച്ച് പൂജ്യ ഗുരു ലാലാജി മഹരാജ് ഇപ്രകാരം പറയുന്നു:

> "വിദ്യാഹീനത,അലസത, നിഷ്ക്രിയത്വം, സ്ഥൂലത, ചിന്താകുഴപ്പം തുടങ്ങി പലതാണ് തമസ്സ് (തം). ആധാരമായതിനെ അഥവാ അവലംബമായതിനെക്കുറിച്ചുള്ള അവബോധം ഇത് നൽകുന്നു. രജസ്സ് (രജ് ) കേന്ദ്രനിലയായി കരുതുന്നു. സംഘർഷം, ചപലത, ചിന്താധീനത തുടങ്ങിയവ അതിന്റെ പ്രകൃതമാണ്. അത് എപ്പോഴും മധ്യസ്ഥലത്തെ കാണിക്കുന്നു. സത്, സന്തോഷത്തെ, യോജിപ്പിനെ, ഉന്നതിയെ, സൂക്ഷ്മതയെ, പരിപാവനത്വത്തെ, മഹത്വത്തെ സൂചിപ്പിക്കുന്നു. അത്യുന്നതമായ നിലയാണ് ഇത്. ഈ നിഗൂഢാർത്ഥമാണ് എപ്പോഴും സ്വീകാര്യമായിട്ടുള്ളത്."

മൂന്ന് ഗുണങ്ങളോടുള്ള നമ്മുടെ വാസനകളും വൈമുഖ്യങ്ങളും, അതുപ്രകാരം സംസ്കാരങ്ങൾ സ്വീകരിക്കുന്നതിന് കാരണമാകുന്നു, തത്ഫലമായി താമസികവും

എന്താണ് ഗുണങ്ങൾ? അചേതനമായ പ്രകൃതി, ബോധത്തെ ചില പ്രത്യേക കമ്പന തലങ്ങളിൽ അയയ്ക്കുകയും അതിന്റെ പ്രകടനം നിർണ്ണയിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ പ്രാഥമിക ആവർത്തികൾ തം, രജസ്സ്, സത് എന്നിവയാണ്. ഈ മൂന്ന് കമ്പനതലങ്ങളും ബോധത്തിന്റെ ഭാവത്തെ ഭേദഗതിയ്ക്ക് വിധേയമാക്കുന്നു, അങ്ങിനെ അവ താമസികം, രാജസികം, സാത്വികം ആയി മാറുന്നു.

നിശ്ചിത സാഹചര്യങ്ങളെ അവലംബിക്കുന്ന സഫലീകരണങ്ങൾ താത്ക്കാലികവും അയഥാർത്ഥവുമായിരിക്കും. യഥാർത്ഥ സഫലീകരണത്തിൽ പൂർത്തീകരണം, അല്ലാത്തത് തുടങ്ങിയ എല്ലാ ആശയങ്ങളും സ്വാഭാവികമായി ഒരുവന് വിസ്മൃതമാവുന്നു. പകരം, C ക്കും D ക്കും ഇടയിൽ ഏറ്റവും കുറവായി ചാഞ്ചാടുന്ന അവസ്ഥ നിലനിൽക്കുന്ന, ലാഘവത്തിന്റെ നിലയിലാവുന്നു.

രാജസികവും സാത്വീകവുമായ പ്രവണതകളുടെ വികാസത്തിലേക്ക് നയിക്കപ്പെടുന്നു.

ഒരു സംസ്കാരം സജീവമാകുമ്പോൾ, ഹൃദയ ചക്രങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനതലത്താൽ ചില അളവിൽ ഗുണാത്മകവും നിഷേധാത്മകവുമായ വികാരം അത് സൃഷ്ടിക്കുന്നു. ഉദാഹരണത്തിന്, സംസ്കാരം അടിസ്ഥാനമായ ഒരു ആഗ്രഹം സഫലീകൃതമാവുമ്പോൾ ഒന്നാമത്തെ ചക്രം സംതൃപ്തിയാൽ കമ്പനം കൊള്ളും. എന്നാൽ, ആ ആഗ്രഹം സഫലീകൃതമായില്ലെങ്കിൽ, അവിടെ അസംതൃപ്തിയുടെ കമ്പനങ്ങളാവും ഉണ്ടാവുക. മറിച്ച്, വെറുപ്പുളവാക്കുന്ന ഒരു വസ്തുവുമായുള്ള ബന്ധപ്പെടൽ അസംതൃപ്തിയാണുളവാക്കുക.

കുറച്ചുകാലയളവിൽ സാംസ്കാരികമായ ആഗ്രഹസഫലീകരണം നടന്നില്ലെങ്കിൽ അസംതൃപ്തി വളരും. അന്തിമമായി, രണ്ടാമത്തെ ചക്രവും ബാധിതമാവും, അവിടെയുള്ള ശാന്തത അസ്വാസ്ഥ്യമായി മാറും. ഈ അസ്വാസ്ഥ്യം പിന്നീട്, മൂന്നാമത്തെ ചക്രത്തിൽ അസന്തുഷ്ടിയായും നാലാമത്തെ ചക്രത്തിൽ ഉത്സാഹഭംഗമായും മാറാൻ സാധ്യതയുണ്ട്. അടുത്ത പടിയായി, ചിന്താസരണി പ്രലോഭിപ്പിക്കപ്പെടുകയും അഞ്ചാമത്തെ ചക്രത്തിന്റെ പ്രവർത്തനത്തെ അലങ്കോലപ്പെടുത്തി അബദ്ധമായ ധാരണയിലേക്ക് നയിക്കുകയും ചെയ്യും.

ഗുണാത്മകമായ C കളും നിഷേധാത്മകമായ D കളും ഒരു പ്രത്യേക ലക്ഷ്യപ്രാപ്തിയടയുന്നതിലുള്ള നമ്മുടെ വിജയ പരാജയങ്ങളുടെ പ്രതികരണമായി കണക്കാവുന്നതാണ്. ലക്ഷ്യം സംസ്കാരത്തെ അടിസ്ഥാനമാക്കിയാവുമ്പോൾ –ഒരുആഗ്രഹമോവെറുപ്പോ–അവകൈവരിക്കുകയോകൈവരിക്കാതിരിക്കുകയോ ചെയ്യുന്നതിനനുസൃതമായി C അല്ലെങ്കിൽ D അടിസ്ഥാനമാക്കിയ അനുഭവങ്ങൾ നമുക്കുണ്ടാവുന്നു. സംസ്കാരങ്ങൾ കമ്പ്യൂട്ടർ വൈറസ് പോലെയാണ്. അവ ചക്രങ്ങളുടെ ഘടനയെ ദൂഷിപ്പിക്കുകയും അവയുടെ പ്രവർത്തനത്തിന്റെ

‘അതും ഇതും ഇല്ലാതായപ്പോൾ’ വിപരീതമായിട്ടുള്ളതു തമ്മിലുള്ള ചാഞ്ചാട്ടം ഏറ്റവും കുറഞ്ഞ അളവിലാവുകയാൽ അവ തമ്മിൽ വ്യത്യാസം തീരെ ഇല്ലാതാവുന്ന അളവിലാവും. ‘അവ്യക്തഗതി’ എന്ന് ഈയവസ്ഥ അറിയപ്പെടുന്നു.

നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നു. സംസ്കാരങ്ങൾ നിയന്ത്രിതമെങ്കിൽ, C അവസ്ഥകൾക്കായി നാം സാംസ്കാരിക സഫലീകരണത്തെ അവലംബിക്കുന്നു. അല്ലെങ്കിൽ, നാം D അവസ്ഥകളിൽ നിൽക്കുന്നു – ദുരിതങ്ങളിൽ.

നിശ്ചിത സാഹചര്യങ്ങളെ അവലംബിക്കുന്ന സഫലീകരണങ്ങൾ താത്ക്കാലികവും അയഥാർത്ഥവുമായിരിക്കും. യഥാർത്ഥ സഫലീകരണത്തിൽ പൂർത്തീകരണം, അല്ലാത്തത് തുടങ്ങിയ എല്ലാ ആശയങ്ങളും സ്വാഭാവികമായി ഒരുവന് വിസ്മൃതമാവുന്നു. പകരം, C ക്കും D ക്കും ഇടയിൽ ഏറ്റവും കുറവായി ചാഞ്ചാടുന്ന അവസ്ഥ നിലനിൽക്കുന്ന, ലാഘവത്തിന്റെ നിലയിലാവുന്നു. തത്ഫലമായി, അത് സന്തുലിതമായ ഒരു അവസ്ഥയാണ്, തന്റെ സഞ്ചാരപഥത്തിൽ, ഇരുവശങ്ങളിലേക്കുമുള്ള ചലനം കുറഞ്ഞുവന്ന്, മദ്ധ്യത്തിൽ നിലയുറപ്പിക്കുന്ന ഒരു പെൻഡുലം പോലെയാണിത്.

“ഇതും അതും ഇപ്പോൾ ഇല്ലാതായിരിക്കുന്നു,” പ്രിയ ബാബുജി ഇപ്രകാരമാണ് ഈ സന്തുലിതാവസ്ഥയെ വിശദീകരിച്ചത്. ദ്വന്ദങ്ങളുടെ ഊഞ്ഞാലാട്ടത്തെ ഒരുവൻ അതിജീവിച്ചിരിക്കുന്നുവെന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. ‘അതും ഇതും ഇല്ലാതായപ്പോൾ’ വിപരീതമായിട്ടുള്ളതു തമ്മിലുള്ള ചാഞ്ചാട്ടം ഏറ്റവും കുറഞ്ഞ അളവിലാവുകയാൽ അവ തമ്മിൽ വ്യത്യാസം തീരെ ഇല്ലാതാവുന്ന അളവിലാവും. ‘അവ്യക്തഗതി’ എന്ന് ഈയവസ്ഥ അറിയപ്പെടുന്നു. ‘വ്യക്തം’ എന്നാൽ പ്രകടിപ്പിക്കുന്നത്, അപ്പോൾ, ‘അവ്യക്തം’ എന്നത് പ്രകടിപ്പിക്കാത്തത്/സ്ഥാപിതമാവാത്തത് എന്നർത്ഥം. ദ്വന്ദങ്ങൾ പ്രകടിതമാവുന്നില്ല എന്നതുകൊണ്ട് അവയുടെ വിഘടനമായി എന്നർത്ഥമില്ല. ദ്വന്ദങ്ങൾ ഉണ്ട്, എന്നാൽ അവ പ്രത്യക്ഷമല്ല. ഇതിനർത്ഥം, അവ ബലപ്പെടാം എന്നുതന്നെയാണ്, അവ പ്രകടമാവും താനും. ചില പ്രത്യേക സമയങ്ങളിൽ, ആവശ്യാനുസരണം, അവ പ്രകടിതമാവും. നമുക്ക് വഴികാട്ടുക എന്നതാണ് അവയുടെ പ്രത്യക്ഷീകരണത്തിനു ഒരു കാരണം. നമ്മെ പ്രോത്സാഹിപ്പിക്കാനോ മുന്നറിയിപ്പുതരാനോ, C കളും D കളും അവ പുറത്തുവിടുന്നു.

വിവിധ ചക്രങ്ങളിലുള്ള കമ്പന തരംഗങ്ങൾക്ക് പ്രത്യേകമായ കൈയ്യൊപ്പുകളുണ്ട്. ഉദാഹരണം : ജീവിതപങ്കാളി, നമ്മുടെ കുട്ടികൾ, സഹപ്രവർത്തകർ തുടങ്ങിയവരുമായി നാം ഇടപെടുന്നത്. നമ്മുടെ കുഞ്ഞുങ്ങളുമായി നാം ഇടപെടുമ്പോൾ ലഭിക്കുന്ന സൗഖ്യവും  അസാധാരണമായ സമാധാനവും അതുല്യമാണ്. നിങ്ങളുടെ മകൻ നിങ്ങളുടെ മടിയിലിരിക്കുകയാണെന്ന് കരുതുക. അപ്പോഴുള്ള നിങ്ങളുടെ ഹൃദയത്തിന്റെ കമ്പന തരംഗങ്ങളെ നിരീക്ഷിക്കുക. ഒരു കളിപ്പാട്ടത്തിനായി വാശിപിടിക്കുന്ന കുഞ്ഞ്, അല്ലെങ്കിൽ കലഹപ്രിയനായ മുതിർന്ന കുട്ടി, നിങ്ങളുടെ അരികിൽ വന്നിരിക്കുമ്പോഴുണ്ടാവുന്ന ഹൃദയത്തിലെ കമ്പനക്രമം ശ്രദ്ധിക്കുക. നിങ്ങളുടെ ബന്ധം എത്രയേറെ അസ്വസ്ഥമാക്കപ്പെട്ടതെങ്കിലും, നിശ്ശബ്ദമായി മറ്റേയാളോടൊപ്പം ഇരിക്കുന്നത്, ആത്മാവുമായി ബന്ധപ്പെട്ട രണ്ടാമത്തെ ചക്രത്തിലെ കമ്പനങ്ങളിൽ ഒരു പ്രത്യേക ക്രമം സൃഷ്ടിക്കും. കാരണമെന്തെന്നാൽ, ആദ്യമായി, നമ്മുടെ പ്രിയപ്പെട്ട കുട്ടിയുടെ ആത്മാവാണ് നമ്മിലേക്ക് ശ്രദ്ധ കൊണ്ടുവന്ന്, നമ്മെ മാതാപിതാക്കളായി തിരഞ്ഞെടുത്തത്. ഗർഭധാരണത്തിനു വളരെ മുമ്പുതന്നെ അനുരണനത്തിന്റെ തലമുണ്ടായിരുന്നുവെന്നർത്ഥം.

ചിലപ്പോൾ, "ഈ കുരുത്തം കെട്ടവൻ എന്തിന് ?" എന്ന് ആക്രോശിക്കുന്ന അളവിൽ ബന്ധത്തെക്കുറിച്ച് ആവലാതിപ്പെണ്ട്,  ഉലച്ചിൽതറ്റി, അതൊരു ബന്ധനമാവുന്നു. എന്നാലും, അതേ ബന്ധം തന്നെ അന്തിമമായി സന്തോഷപ്രദവും സമാധാനം നിറയ്ക്കുന്നതുമാവുന്നു. ഈ സാഹചര്യങ്ങളിലേതിലായാലും, രണ്ടാമത്തെ ചക്രത്തിലെ കമ്പനങ്ങൾ അർത്ഥഗർഭമായിരിക്കും. ആത്മചക്രത്തിൽ കമ്പനങ്ങൾ അനുഭവപ്പെടുകയും ശാന്തത  കൈവരിക്കുകയും ചെയ്യുമ്പോൾ, ആത്മാവുമായി ബന്ധപ്പെട്ട അനുരണനത്തിന്റെ തലങ്ങളിലാണ് എന്ന നിഗമനത്തിൽ നമുക്കെത്താം. ആ സമയത്ത്, ഈ ചക്രത്തിൽ ലാഘവത്വം അഥവാ മൃദുത്വം (ആർദ്രത) നമുക്കനുഭവമാകും. ഈ ശാന്തത അനുഭവിക്കുമ്പോൾ, മൂന്നാമത്തെ ചക്രത്തിലെ കമ്പനങ്ങൾ ശ്രദ്ധിച്ചാൽ, അവ ഭാരമേറിയതല്ലാതെ അലിഞ്ഞുപോകുന്ന

എന്റെ സാന്നിദ്ധ്യം കൂടുതലാവുമ്പോൾ അദ്ദേഹത്തിന്റെ
സാന്നിദ്ധ്യം കുറയും, അതുപോലെ എന്റെ സാന്നിദ്ധ്യം
കുറയുമ്പോൾ അദ്ദേഹത്തിന്റെ ആധിപത്യം
കൂടുതലായിരിക്കും. നിങ്ങളെ നീക്കം ചെയ്ത് നിങ്ങളുടെ
ജീവിതത്തിന്റെ കടിഞ്ഞാൺ അദ്ദേഹത്തെ ഏൽപ്പിക്കുക
എന്നതാണ് നാം ഇവിടെ ചെയ്യേണ്ടത്.

തരത്തിലാണെങ്കിൽ, ഈ ബന്ധം ഹൃദ്യമായിരിക്കുമെന്ന ദൃഢവിശ്വാസത്തിൽ നമുക്ക് എത്തിച്ചേരാം. ഹൃദയം വിമുക്തമായതും, ക്ലേശരഹിതവും, വിപുലീകരിക്കുന്നതും, തിളക്കമുറ്റതും, ഉല്ലാസഭരിതവും ആയിരിക്കും എന്നതാണ് മറ്റൊരു സ്ഥിരീകരണം. നമ്മുടെ പരിണാമത്തിനായി എന്തെങ്കിലും ഗുണപരമായ മാറ്റം സംഭവിക്കാൻ പോകുമ്പോഴാണ് ഈ അനുഭവമുണ്ടാകുന്നത്. നമ്മുടെ മാസ്റ്റർമാരെപ്പോലെയുള്ള മഹദ് വ്യക്തികളുടെ അരികിലിരിക്കുമ്പോൾ നമുക്കുണ്ടാവുന്ന അതുല്യമായ, അളവറ്റ സന്തോഷത്തിനു കാരണം അതാണ്. അത്തരം സൂചനകളിൽ നിന്ന്, ഒരു ബന്ധം വികസിതമാവുമെന്നും സഫലമാവുമെന്നും നമുക്ക് ഭദ്രമായി നിർണ്ണയിക്കാം. മറിച്ച്, മൂന്നാമത്തെ ചക്രത്തിൽ ഭാരക്കൂടുതലാണെങ്കിൽ, ഒപ്പം, ആദ്യ ചക്രത്തിൽ ഭാരത്തിന്റെ അളവുണ്ടെങ്കിൽ, ആ ബന്ധം നിലനിൽക്കുകയില്ല എന്ന് നിസ്സംശയം ഉറപ്പിക്കാം.

ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ്, നിങ്ങൾ രണ്ടു പർവ്വതങ്ങളുടെ ഇടയിൽ പെട്ട് ഞെരിക്കപ്പെട്ടപോലെ തോന്നാം. തകർക്കപ്പെടുന്നു എന്ന തോന്നലുളവാക്കുന്ന അനുഭവങ്ങളുണ്ടാവുമ്പോൾ നിങ്ങൾ പിന്തുടരുന്നത്

> ആത്മീയതലത്തിൽ, സ്നേഹം ഭക്തിയുടെ തലത്തിലേക്കുയർന്ന് ദിവ്യതയുമായി ഉന്നതമായ ബന്ധം സ്ഥാപിച്ച്, എല്ലാ ബന്ധങ്ങൾക്കും വ്യവസ്ഥകൾക്കും അതീതമായി നിലകൊള്ളുന്നു; അതാണ് സത്വഗുണം. ഭക്തി, ഗുണങ്ങൾക്കെല്ലാം അതീതമാണെന്ന് ഭഗവാൻ കൃഷ്ണൻ പറഞ്ഞിട്ടുണ്ട്. ഗുണങ്ങളുടെ ലഹരിയിലകപ്പെട്ടാൽ നമുക്ക് ദൈവത്തെ ശരിക്കും സമീപിക്കാൻ കഴിയുകയില്ല.

ഒഴിവാക്കുക. കൂടുതലായി, ഒരു വ്യക്തിയുടെ സാന്നിധ്യത്തിൽ നിങ്ങൾ അസ്വസ്ഥനാവുകയും രണ്ടാമത്തെ ചക്രത്തിൽ ഭാരക്കൂടുതൽ അനുഭവപ്പെടുകയും ചെയ്യുകയാണെങ്കിൽ, ആ ബന്ധം ഒഴിവാക്കപ്പെടേണ്ടതാണെന്ന് അറിയുക.

C കളും D കളും ശ്രദ്ധിക്കപ്പെടേണ്ടവയാണ്. ഉദാഹരണത്തിന്, നിങ്ങൾ പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന കാര്യം ഒഴിവാക്കേണ്ടതാണെന്ന സുപ്രധാന സൂചനയാവും നാലാമത്തെ ചക്രത്തിൽനിന്നുയരുന്ന ധൈര്യക്കുറവ്. നിങ്ങൾ എപ്പോഴും ധൈര്യവാനായിരുന്നു എന്ന് കരുതു. നിങ്ങൾ ചോദിച്ചേക്കാം: എന്തിനുള്ള ധൈര്യം? സദാചാരവിരുദ്ധമായ ഒരു കാര്യം ചെയ്യുന്നതിനുള്ള ധൈര്യം കൊണ്ടെന്തു പ്രയോജനം? ചില സമയത്ത് അഞ്ചാമത്തെ ചക്രം

നിങ്ങൾക്ക് സ്പഷ്ടത തരില്ല. നിങ്ങൾക്ക് സ്വയം ചോദിക്കാം, “ഈ വ്യക്തത ഞാൻ എന്തിന് ഉപയോഗിക്കും?” നിങ്ങളുടെ ഹൃദയത്തിന്റെ ഉദ്ദേശ്യങ്ങളെന്തെല്ലാമാണ്? ആ വ്യക്തത ഉപയോഗിച്ച് നിങ്ങൾ തെറ്റായതെന്തെങ്കിലും ചെയ്യാനാണ് ശ്രമിക്കുന്നതെങ്കിൽ, നിങ്ങൾക്കത് ഇല്ല എന്നതിന് ദൈവത്തിനോട് നന്ദി പറയുക.



ഭക്തി, ഗുരുവിന്റെ മാനസിക ഗർഭപാത്രത്തെ സ്വാധീനിക്കും. സ്നേഹനിർഭരമായതും, ആദരവാർന്നതും, കൃതജ്ഞതാനിർഭരവുമായ സമാഗമങ്ങളിലെല്ലാം ഭക്തി അചഞ്ചലമാണെങ്കിൽ, പുതിയൊരു അസ്തിത്വം – ആത്മീയ അസ്തിത്വം (Spiritual Entity) – പ്രകാശലോകത്ത് പിറവിയെടുക്കും. അത് നിങ്ങളുടെതന്നെ അസ്തിത്വമാണ്.

## മനോമണ്ഡലത്തിലെ "ഞാനും അദ്ദേഹവും" എന്ന നാടകം

ഹൃദയമണ്ഡലത്തിൽ അഞ്ച് ദ്വന്ദങ്ങളാണെങ്കിൽ (ഓരോ ചക്രത്തിലും ദ്വന്ദങ്ങളുണ്ട് ), മനോമണ്ഡലത്തിൽ ഒന്ന് മാത്രമേയുള്ളൂ : അദ്ദേഹവും ഞാനും, അതായത് ദൈവവും ഞാനും. എന്റെ സാന്നിദ്ധ്യം കൂടുതലാവുമ്പോൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കുറയും, അതുപോലെ എന്റെ സാന്നിദ്ധ്യം കുറയുമ്പോൾ അദ്ദേഹത്തിന്റെ ആധിപത്യം കൂടുതലായിരിക്കും. നിങ്ങളെ നീക്കം ചെയ്ത് നിങ്ങളുടെ ജീവിതത്തിന്റെ കടിഞ്ഞാൺ അദ്ദേഹത്തെ ഏൽപ്പിക്കുക എന്നതാണ് നാം ഇവിടെ ചെയ്യേണ്ടത്.

തന്റെ ഒരു സഹചാരിക്ക് ബാബുജി ഇങ്ങനെ എഴുതി, "അദ്ദേഹത്തെ സ്മരിക്കാതെ നഷ്ടമായ ഒരു നിമിഷം പോലും പശ്ചാത്തപിക്കപ്പെടേണ്ടതാണ്." പാപത്തെക്കുറിച്ചുള്ള ജൂതന്മാരുടെ സങ്കല്പത്തെ ഇത് ഓർമ്മിപ്പിക്കുന്നു. സ്രോതസ്സിൽ നിന്നും അകന്നുപോകുക എന്നതാണത്. നിങ്ങളുടെ സെൽഫോൺ എയർപ്ലെയിൻ മോഡിൽ ഇടുന്നതുപോലെയാണിത്. സിഗ്നലുണ്ടെങ്കിലും അത് സ്വീകരിക്കുന്നതിൽ നിന്നും നിങ്ങളെത്തന്നെ നിങ്ങൾ സ്വയം വിലക്കിയിരിക്കയാണ്. അതുപോലെ ദിവ്യതരംഗങ്ങൾ എപ്പോഴും നമുക്ക് ലഭ്യമാണ്. നമ്മൾ അത് സ്വീകരിക്കുക മാത്രമേ വേണ്ടതുള്ളൂ. സ്മരണ നഷ്ടമായാൽ നമുക്ക് കുറ്റബോധമോ അപമാനമോ, നിരാശയോ തോന്നേണ്ടതില്ല. പശ്ചാത്താപം എന്നത് ആത്മവിശ്വാസത്തോടെ സ്രോതസ്സിലേക്ക് തിരിച്ചുവരലാണ്. സ്നേഹമാണ് നമുക്ക് വഴിയൊരുക്കുന്നത്.

ഭൗതികതലത്തിൽ, സ്നേഹം പ്രകടമാവുന്നത് കാമത്തിലൂടെയും വിഷയാസക്തിയിലൂടെയുമാണ്. സൃഷ്ടിയുടെ ഭൗതികസ്വഭാവമായ തമസ്സുമായി ചേർന്ന് നാം ആ തലത്തിൽ സാഫല്യം കൈവരിക്കാൻ ശ്രമിക്കുന്നു. അത് താമസികമാണ്. ശാരീരിക സുഖങ്ങൾ ഹൃദയത്തെ ഒരിക്കലും തൃപ്തിപ്പെടുത്തില്ല. കാമപൂരണത്തിനുശേഷം, ഹൃദയത്തിന്റെ അസംതൃപ്തി വ്യക്തികൾ തമ്മിലുള്ള അകൽച്ച വർദ്ധിപ്പിക്കുന്നു. തന്മൂലം, പശ്ചാത്താപം ഉടലെടുക്കുന്നു.

മാനസികതലത്തിൽ, സ്നേഹം, വികാരബദ്ധമായ ഒന്നായിട്ടാണ് പ്രകടിപ്പിക്കപ്പെടുന്നത്. രാജസീകഭാവവുമായി ചേർന്ന്, മനസ്സിന്റെ ചപലവും വൈകാരികവുമായ തലത്തിലുള്ള സാഫല്യം നാം ആഗ്രഹിക്കുന്നു. എന്നാൽ അതിന്റെ സഹജമായ അസ്ഥിരത കൊണ്ട് രാജസീകമായ സാഫല്യം ഉറപ്പാക്കാൻ കഴിയില്ല. രജസ്സുളവാക്കുന്ന അസ്ഥിരത കൊണ്ട്, പ്രേമിക്ക് തന്റെ ബന്ധത്തിൽ ഉറപ്പൊന്നും ലഭിക്കില്ല ; അതുകൊണ്ട് ഗതകാലസംഭവങ്ങളെയും ഭാവിയിൽ ഉണ്ടാവാൻ പോകുന്ന സാധ്യതകളും മറ്റും വെച്ചുകൊണ്ട് തന്റെ

ബന്ധത്തെ വിലയിരുത്തിക്കൊണ്ടേയിരിക്കുന്നു. പ്രേമത്തിന്റെ തലത്തിൽ സാഫല്യം എല്ലായിപ്പോഴും മാറിക്കൊണ്ടേയിരിക്കുന്നു.

ആത്മീയതലത്തിൽ, സ്നേഹം ഭക്തിയുടെ തലത്തിലേക്കുയർന്ന് ദിവ്യതയുമായി ഉന്നതമായ ബന്ധം സ്ഥാപിച്ച്, എല്ലാ ബന്ധങ്ങൾക്കും വ്യവസ്ഥകൾക്കും അതീതമായി നിലകൊള്ളുന്നു; അതാണ് സത്വഗുണം. ഭക്തി, ഗുണങ്ങൾക്കെല്ലാം അതീതമാണെന്ന് ഭഗവാൻ കൃഷ്ണൻ പറഞ്ഞിട്ടുണ്ട്. ഗുണങ്ങളുടെ ലഹരിയിലകപ്പെട്ടാൽ നമുക്ക് ദൈവത്തെ ശരിക്കും സമീപിക്കാൻ കഴിയുകയില്ല.

രൂപത്തെയും ഭാവത്തെയും ഉപേക്ഷിച്ചാൽ മാത്രമേ നമുക്ക് രൂപമില്ലാത്തതും (നിരാകാരം) ഗുണങ്ങളില്ലാത്തതുമായതിനെ (നിർഗ്ഗുണൻ) പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഉദാഹരണത്തിന്, സാത്വികഗുണങ്ങൾക്കും, ശാന്തിക്കും, ബ്രഹ്മവിദ്യക്കും വേണ്ടി നാം ദൈവത്തെ സമീപിച്ചാൽ ഉണ്മയുമായുള്ള നമ്മുടെ ബന്ധം, അതിനാൽ, കളങ്കിതമായിരിക്കും. ആ ഒരാഗ്രഹം കൊണ്ടുതന്നെ നമ്മുടെ ബന്ധം വ്യാവഹാരികമായിത്തീരും. ആഗ്രഹങ്ങളെ വിഷം പോലെ കാണണമെന്ന അഷ്ടാവക്രമുനിയുടെ ഉപദേശം നാം സ്വീകരിക്കുകയാണെങ്കിൽ, ആ പവിത്രബന്ധത്തെ പക്വമാക്കുന്ന ഭക്തിയെ ആ ഒരു തുള്ളി വിഷം മലീമസമാക്കും എന്ന് നാം തിരിച്ചറിയണം.

ഭക്തി, ഗുരുവിന്റെ മാനസിക ഗർഭപാത്രത്തെ സ്വാധീനിക്കും. സ്നേഹനിർഭരമായതും, ആദരവാർന്നതും, കൃതജ്ഞതാനിർഭരവുമായ സമാഗമങ്ങളിലെല്ലാം ഭക്തി അചഞ്ചലമാണെങ്കിൽ, പുതിയൊരു അസ്തിത്വം – ആത്മീയ അസ്തിത്വം (Spiritual Entity) – പ്രകാശലോകത്ത് പിറവിയെടുക്കും. അത് നിങ്ങളുടെതന്നെ അസ്തിത്വമാണ്. മറ്റൊരാളുടെ ഭക്തി നിങ്ങൾക്ക് അനുകരിക്കാൻ കഴിയാത്തതുപോലെ, മറ്റൊരാളുടെ അസ്തിത്വം നിങ്ങൾക്ക് സ്വീകരിക്കുവാൻ കഴിയില്ല.

നിങ്ങളുടെ തന്നെ ദിവ്യഭാവമായ, ആത്മീയ അസ്തിത്വത്തിലേക്ക് നിങ്ങൾക്കെല്ലാവർക്കും പരിണമിക്കുവാൻ സാധിക്കും; പരിണമിക്കേണ്ടതുണ്ട്. മാസ്റ്ററുടെ മാനസിക ഗർഭപാത്രത്തിൽ അഭ്യാസിയെ നിർത്തുന്നതിനുള്ള മുൻവ്യവസ്ഥ, സ്നേഹത്തിനുവേണ്ടി സ്നേഹിക്കുക, ആരാധനക്കുവേണ്ടി ആരാധിക്കുക, ആദരവിനുവേണ്ടി ആദരിക്കുക എന്നാണ്. തിരിച്ച് സ്നേഹവും, ആരാധനയും, ആദരവും, ലഭിക്കാനല്ല. എന്തെങ്കിലും നേടിയെടുക്കുന്നതിനുവേണ്ടിയുള്ള വ്യക്തിപരമായ ആഗ്രഹമോ, അഭിലാഷമോ, പ്രത്യാശയോ, അവകാശമോ അവിടെ ഉണ്ടാവരുത്.

ശരണാഗത ഭാവത്തിലാണ് ഭക്തൻ ജീവിക്കുക. സംഭവിക്കുന്നതെല്ലാം സന്തോഷത്തോടെ സ്വീകരിക്കുന്ന, അല്ലലില്ലാത്ത ശരണാഗതഭാവം. ശരണാഗതിയിൽ സ്നേഹമുണ്ടാവും, സ്നേഹത്തെക്കുറിച്ചുള്ള ചിന്തയുണ്ടാവില്ല; ആദരവുണ്ടാവും, എന്നാൽ "ഞാൻ ആദരിക്കുന്നു" എന്ന ഭാവമുണ്ടാവില്ല; കൃതജ്ഞതയുണ്ടാവും, എന്നാൽ ഞാൻ കൃതജ്ഞതയുള്ളവനാണ് എന്ന ചിന്തയുണ്ടാവില്ല. മൃഗീയമായ അഹന്ത ശമിപ്പിക്കപ്പെട്ടതുകൊണ്ട് ശരണാഗതിയെക്കുറിച്ചും ചിന്തയുമുണ്ടാവില്ല. മരം മുളക്കുന്നതിന് വിത്തില്ലാതാവണം. ആത്മീയ അസ്തിത്വം ജനിക്കുന്നതിന് "ഞാൻ" ഇല്ലാതാവണം. അപ്പോൾ നിങ്ങൾക്ക് ബാബുജി മഹരാജിന്റെ അവസ്ഥയെ സമീപിക്കാം; സൂക്ഷ്മവും, ആർക്കുമേലെയും അടിച്ചേൽപ്പിക്കാത്തതും, ചുറ്റും കാര്യങ്ങൾ സ്വയമേവ സംഭവിക്കുന്നതുമാണത്.

നാം ചിലപ്പോൾ കാണുന്ന നമുക്കുള്ളിലെ ആന്തരീക ശിഥിലീകരണതിനുകാരണം, നമ്മുടെ കാഴ്ചപ്പാടിനെ മറയ്ക്കുന്ന ഒട്ടനവധി സംസ്കാരങ്ങളുടെ പ്രവർത്തനങ്ങളും, നമ്മെ സ്വാധീനിക്കുന്ന മൂന്ന് ഗുണങ്ങളും, ഹൃദയമണ്ഡലത്തിലുള്ള അഞ്ച് ദ്വന്ദങ്ങളും സൃഷ്ടിക്കുന്ന സങ്കീർണ്ണതയാണ്. ഈ സങ്കീർണ്ണതക്കൊരു പരിഹാരമുണ്ട്. "അദ്ദേഹവും ഞാനും" എന്ന ദ്വന്ദമാണത്. താഴ്ന്ന അസ്തിത്വത്തെ അലിയിച്ചുകളഞ്ഞാൽ അദ്ദേഹത്തിന്റെ അസ്തിത്വം അനാവരണം ചെയ്യപ്പെടും. "അദ്ദേഹവും ഞാനും" എന്ന ദ്വന്ദം ഇല്ലാതായി, "അദ്ദേഹം" മാത്രമായി നിലകൊള്ളും.

പൂജ്യ ലാലാജി മഹരാജ് എഴുതിയതുപോലെ: "ദൈവം നിങ്ങളുടെ ഹൃദയങ്ങളിൽ ഒളിഞ്ഞിരുന്നുകൊണ്ട് നിങ്ങളെ വെളിപ്പെടുത്തി. നിങ്ങൾ നിങ്ങളെ മറച്ചുകൊണ്ട് ദൈവത്തെ വെളിപ്പെടുത്തുക! ഇതാണ് യഥാർത്ഥ സാധന."

സ്നേഹാദരങ്ങളോടെ,
കമലേഷ്

## പൂജ്യശ്രീ ചാരിജി മഹാരാജിന്റെ

### ജന്മവാർഷികത്തോടനുബന്ധിച്ച്– ജൂലൈ 23,24, 25 – പൂജ്യ ദാജി നൽകിയ സന്ദേശം

heartfulness
advancing in love